CRNA-F-MLY

മലയാളം / MALAYALAM

പേപ്പർ I / Paper I

(സാഹിത്യം) / (LITERATURE)

സമയം : **മൂന്നു** മണിക്കൂർ *Time Allowed : **Three** Hours*	പരമാവധി മാർക്ക് : **250** *Maximum Marks : **250***

ചോദ്യപേപ്പർ പ്രത്യേകനിർദ്ദേശങ്ങൾ

ചോദ്യങ്ങൾക്കു് ഉത്തരമെഴുതുന്നതിനുമുൻപായി താഴെ കൊടുത്തിരിക്കുന്ന നിർദ്ദേശങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കുക:

ആകെ **എട്ടു**ചോദ്യങ്ങളാണുള്ളത്. ഇവയെ **രണ്ടുഭാഗങ്ങളായി** തിരിച്ചിരിക്കുന്നു.

പരീക്ഷാർത്ഥികൾ ഇരുവിഭാഗങ്ങളിൽനിന്നുമായി **അഞ്ചു**ചോദ്യങ്ങൾക്കു് ഉത്തരമെഴുതേണ്ടതാണ് .

ഒന്നാമത്തെയും അഞ്ചാമത്തെയും ചോദ്യങ്ങൾക്ക് നിർബ്ബന്ധമായും ഉത്തരമെഴുതേണ്ടതാണ്.

ശേഷിക്കുന്ന ഏതെങ്കിലും **മൂന്നു**ചോദ്യങ്ങൾക്കു് ഉത്തരമെഴുതേണ്ടതിൽ ഇരുവിഭാഗത്തിൽനിന്നും കുറഞ്ഞത് **ഒരു**ചോദ്യത്തിനുള്ള ഉത്തരമെങ്കിലുമുണ്ടായിരിക്കണം.

ഓരോചോദ്യത്തിനും/വിഭാഗത്തിനും ഉള്ള മാർക്കുകൾ അതതിന്റെ നേർക്കു് രേഖപ്പെടുത്തിയിട്ടുണ്ട്.

ഉത്തരങ്ങൾ **മലയാളത്തിൽ (മലയാളംലിപിയിൽ)** തന്നെ എഴുതണം.

ചോദ്യങ്ങൾക്ക് ഉത്തരമെഴുതുമ്പോൾ വാക്കുകളുടെ എണ്ണത്തിന്റെ പരിധി നിർദ്ദേശിച്ചിട്ടുണ്ടെങ്കിൽ അതു പാലിക്കേണ്ടതാണ്.

ചോദ്യങ്ങൾക്കുള്ള ഉത്തരം അനുക്രമമായിട്ടെഴുതിയാൽ മാത്രമേ പരിഗണിക്കുകയുള്ളൂ. ഉത്തരം അപൂർണ്ണമാണെങ്കിൽപ്പോലും വെട്ടിയിട്ടില്ലെങ്കിൽ അതിനെ ഉത്തരമായിട്ടു കണക്കാക്കുന്നതാണ്. ചോദ്യവും ഉത്തരവുമടങ്ങുന്ന ബുക്ക്‌ലെറ്റിൽ എഴുതാത്ത ഭാഗങ്ങളും പുറങ്ങളും വെട്ടിക്കളയാൻ ശ്രദ്ധിക്കേണ്ടതാണ്.

Question Paper Specific Instructions

Please read each of the following instructions carefully before attempting questions :

*There are **EIGHT** questions divided in **TWO SECTIONS**.*

*Candidate has to attempt **FIVE** questions in all.*

*Question nos. **1** and **5** are compulsory and out of the remaining, any **THREE** are to be attempted choosing at least **ONE** question from each section.*

The number of marks carried by a question/part is indicated against it.

*Answers must be written in **MALAYALAM (Malayalam script)**.*

Word limit in questions, wherever specified, should be adhered to.

Attempts of questions shall be counted in sequential order. Unless struck off, attempt of a question shall be counted even if attempted partly. Any page or portion of the page left blank in the Question-cum-Answer Booklet must be clearly struck off.

Optional Province · optionalprovince.com

SECTION A

Q1. ഓരോ ചോദ്യത്തിനും 150 വാക്കുകളിൽ കവിയാതെ ഉത്തരമെഴുതുക. *10×5=50*

(a) " 'അനുനാസികാതിപ്രസരം' മലയാളഭാഷയിൽ സംഭവിച്ച ചരിത്രപരമായ ആഭ്യന്തര പരിണാമമാണു് " എന്ന നിരീക്ഷണത്തെ വിമർശാത്മകമായി വിലയിരുത്തുക. *10*

(b) മലയാളഭാഷയുടെ രൂപീകരണത്തെ സംബന്ധിച്ച 'പൂർവ്വതമിഴ് മലയാളവാദം' എന്തെന്നു് വിശദമാക്കുക. *10*

(c) ലീലാതിലകത്തിലെ മണിപ്രവാള ചർച്ചയിൽ നിന്നും ലഭ്യമാകുന്ന മലയാളഭാഷയെ സംബന്ധിച്ച നിരീക്ഷണങ്ങൾ എന്തെല്ലാം ? *10*

(d) മാപ്പിളപ്പാട്ടുകളുടെ ഭാഷാപരമായ സവിശേഷതകൾ വിവരിക്കുക. *10*

(e) നവമാദ്ധ്യമങ്ങൾ സമകാലമലയാളത്തിൽ ചെലുത്തുന്ന സ്വാധീനത്തിന്റെ സ്വഭാവം നിർണ്ണയിക്കുക. *10*

Q2. (a) "താലവ്യാദേശത്തിനു് മലയാളഭാഷയുടെ ഉത്പത്തിചിന്തയിൽ ഭാഗികപ്രസക്തിയേ കല്പിയ്ക്കാനാവൂ" എന്ന നിരീക്ഷണത്തിന്റെ ഔചിത്യമെന്ത് ? *20*

(b) രാമചരിതത്തിൽനിന്നു് കൃഷ്ണഗാഥയിലെത്തുമ്പോൾ മലയാളഭാഷയ്ക്കു സംഭവിച്ച വികാസപരിണാമങ്ങൾ എന്തെല്ലാം ? *15*

(c) പാട്ടുകാവ്യങ്ങളുടെ ഭാഷാപരമായ സവിശേഷതകളെ കുറിച്ചുള്ള ലീലാതിലകത്തിലെ ശ്രദ്ധേയങ്ങളായ നിരീക്ഷണങ്ങൾ ചൂണ്ടിക്കാട്ടുക. *15*

Q3. (a) പ്രാചീന ചമ്പുക്കളിലെ ഭാഷാപരമായ സവിശേഷതകൾ സോദാഹരണം വിശദമാക്കുക. *20*

(b) വടക്കൻപാട്ടുകളെ മുൻനിർത്തി ഉത്തരകേരളത്തിലെ ഭാഷാസവിശേഷതകൾ വിവരിക്കുക. *15*

(c) ഭാഷാകൗടലീയത്തിൽനിന്നു് ആദ്യകാലമലയാളത്തെ കുറിച്ച് ലഭ്യമാകുന്ന വിവരങ്ങൾ എന്തെല്ലാം ? *15*

Optional Province · optionalprovince.com

Q4. (a) തുള്ളൽകാവ്യങ്ങളിലെ നാട്ടുമൊഴികളെ ആസ്പദമാക്കി ഒരു ഉപന്യാസം തയ്യാറാക്കുക. *20*

(b) ബഞ്ചമിൻ ബയ്‌ലി, ഹെർമൻ ഗുണ്ടർട്ട്, ജോർജ് മാത്തൻ, ഫ്രോൺമെയർ എന്നിവർ മലയാളഭാഷയ്ക്കു നൽകിയ സംഭാവനകളെക്കുറിച്ച് വിശദമാക്കുക. *15*

(c) ഭരണഭാഷ എന്ന നിലയിൽ മലയാളം നേരിടുന്ന വെല്ലുവിളികൾ എന്തൊക്കെ ? *15*

Optional Province · optionalprovince.com

SECTION B

Q5. ഓരോ ചോദ്യത്തിനും 150 വാക്കുകളിൽ കവിയാതെ ഉത്തരമെഴുതുക. *10×5=50*

(a) അഭിനയസാഹിത്യം എന്ന നിലയിൽ ആട്ടക്കഥാസാഹിത്യത്തിന്റെ സവിശേഷതകൾ വ്യക്തമാക്കുക. *10*

(b) മഹാകാവ്യലക്ഷണം ഉദ്ധരിച്ചു് മഹാകാവ്യപ്രസ്ഥാനത്തെ പരിചയപ്പെടുത്തുക. *10*

(c) 'മുക്തകം' എന്നാൽ എന്തു് ? ഒരു മുക്തകം ഉദ്ധരിച്ചു് സവിശേഷതകൾ വിവരിക്കുക. *10*

(d) മലയാളത്തിലെ 'പ്രഹസന'ശാഖയ്ക്കു് സി.വി. രാമൻപിള്ള നൽകിയ സംഭാവന വിലയിരുത്തുക. *10*

(e) ആദ്യകാല മലയാള ചെറുകഥയുടെ പ്രമേയപരവും പ്രതിപാദനപരവുമായ സവിശേഷതകൾ വിശകലനം ചെയ്യുക. *10*

Q6. (a) മലയാള സാഹിത്യചരിത്രത്തിൽ കിളിപ്പാട്ടുപ്രസ്ഥാനത്തിന്റെ സംഭാവനയെത്രത്തോളമെന്നു് വിശദമാക്കുക. *20*

(b) സന്ദേശകാവ്യങ്ങളുടെ ചരിത്രപരവും ദേശപരവുമായ പ്രാധാന്യത്തെക്കുറിച്ച് ഉപവാദിക്കുക. *15*

(c) നാടോടിഗാനസാഹിത്യത്തിൽ തോറ്റംപാട്ടുകളുടെ പ്രാധാന്യം എത്രത്തോളമുണ്ടെന്നു് സ്പഷ്ടമാക്കുക. *15*

Q7. (a) ദേശീയപ്രസ്ഥാനവും നവോത്ഥാനദർശനങ്ങളും കുമാരനാശാൻ, വള്ളത്തോൾ, ഉള്ളൂർ എന്നീ കവികളുടെ രചനകളെ എത്രത്തോളം സ്വധീനിച്ചിട്ടുണ്ടു് ? ചർച്ച ചെയ്യുക. *20*

(b) മലയാള കവിതയിൽ ആധുനികതാവാദത്തിന്റെ സവിശേഷതകൾ പ്രകടമായത് എങ്ങനെയൊക്കെ ? വ്യക്തമാക്കുക. *15*

(c) 'പച്ചമലയാളപ്രസ്ഥാനം' മലയാളകാവ്യചരിത്രത്തിൽ വരുത്തിയ പരിണാമത്തെക്കുറിച്ചു് ലഘുവിവരണം തയ്യാറാക്കുക. *15*

Optional Province · optionalprovince.com

Q8. (a) തകഴി, കേശവദേവ്, പൊൻകുന്നം വർക്കി എന്നിവരുടെ രചനകളെ മുൻനിർത്തി മലയാളത്തിലെ രാഷ്ട്രീയ നോവലുകളുടെ പ്രത്യേകതകൾ വിവരിക്കുക. *20*

(b) സി.എൻ. ശ്രീകണ്ഠൻ നായരുടെ 'രാമായണനാടകത്രയം' മലയാള നാടകസാഹിത്യത്തിലും നാടകവേദിയിലും കൊണ്ടുവന്ന പുതുമയെന്ത് ? *15*

(c) മലയാളത്തിലെ ആധുനിക സാഹിത്യനിരൂപണം സൈദ്ധാന്തികമാകുന്നുണ്ടോ ? ദളിത്, സ്ത്രീ, പരിസ്ഥിതി സിദ്ധാന്തങ്ങളുടെ സ്വാധീനം അതിൽ എത്രത്തോളമുണ്ടെന്നു് വിശദമാക്കുക. *15*

Optional Province · optionalprovince.com